LIBRARY ARCHIVES Kerala Legislative Assembly

എറണാകുളം മഹാരാജാസ് കോളേജിലെ ഹോസ്റ്റൽ വിദ്യാർത്ഥികൾ

138 [1825] ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം മഹാരാജാസ് കോളേജിലെ പെൺകുട്ടികളുടെ ഹോസ്റ്റലിലും ആൺകുട്ടികളുടെ ഹോസ്റ്റലിലും ആയി എത്ര എസ്.സി./എസ്.ടി. വിദ്യാർത്ഥികൾ താമസിക്കുന്നുണ്ട്; ആരെല്ലാമെന്നും ഏതെല്ലാം ക്ലാസുകളിൽ എന്നതുൾപ്പെടെയുള്ള പേരുവിവരവും മേൽവിലാസവും വെളിപ്പെടുത്തുമോ;

(ബി) എസ്.സി./എസ്.ടി. അല്ലാത്തവരും അനധികൃതമായി താമസിക്കുന്നവരുമായ ചിലർ സ്ഥിരമായി മെസ്സ് ജീവനക്കാരെ ഭീഷണിപ്പെടുത്തി ഭക്ഷണം കഴിക്കുന്നതായും ജീവനക്കാരെ കയ്യേറ്റം ചെയ്യുന്നതായും ഉള്ള പരാതികൾ ലഭിച്ചിട്ടുണ്ടോയെന്ന് അന്വേഷിച്ച് വിവരം വെളിപ്പെടുത്താമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) ഈ കോളേജിലെ ഹോസ്റ്റലുകൾ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കു മാത്രമായി സംവരണം ചെയ്യപ്പെട്ടിട്ടുള്ളതല്ല. ഈ ഹോസ്റ്റലിൽ അനധികൃതമായി ആരുംതന്നെ താമസിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഒരു പൂർവ്വ വിദ്യാർത്ഥി മെസ് ജീവനക്കാർക്ക് ചില പ്രശ്നങ്ങൾ ഉണ്ടാക്കിയതായി 14-10-2003-ൽ മെൻസ് ഹോസ്റ്റൽ ജീവനക്കാരിൽ നിന്നും ഒരു പരാതി ഹോസ്റ്റൽ വാർഡന് ലഭിക്കുകയുണ്ടായി. അതിന്മേൽ അന്വേഷണം നടത്തി ഭാവിയിൽ ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതായി ഹോസ്റ്റൽ വാർഡൻ പട്ടികജാതി വികസന വകുപ്പ് ഡയറക്ടറെ അറിയിച്ചിട്ടുണ്ട്.

പിന്നോക്ക-പട്ടിക സമുദായ വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ

139 [1826] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2002-03 വർഷം പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ടോ;

(ബി) പ്രസ്തുത സാമ്പത്തിക വർഷം നാടാർ, മുസ്ലീം സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ടോ;

(സി) കഴിഞ്ഞ സാമ്പത്തിക വർഷം ഈ വിഭാഗത്തിൽപെട്ട കുട്ടികൾക്ക് ആനുകൂല്യങ്ങൾ പൂർണ്ണമായും വിതരണം ചെയ്തിട്ടില്ലെന്ന പരാതി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ പരാതി പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ ആന്റ് ബി) പൂർണ്ണമായും വിതരണം ചെയ്തിട്ടില്ല.

(സി) ഉണ്ട്.

(ഡി) ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ആനുകൂല്യങ്ങൾ വിതരണം ചെയ്യുവാൻ ബന്ധപ്പെട്ട ജില്ലാ ആഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

വടുക സമുദായത്തിന്റെ പിന്നോക്കാവസ്ഥ

140 [1827] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർകാട് നിയോജകമണ്ഡലത്തിലും കേരളത്തിലെ മറ്റ് ഭാഗങ്ങളിലുമുള്ള വടുക സമുദായത്തിന്റെ പിന്നോക്കാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സമുദായത്തെ സാമൂഹികമായും സാമ്പത്തികമായും ഉയർത്തിക്കൊണ്ടുവരുന്നതിന് എന്തെല്ലാം നടപടികളാണ് നടപ്പിലാക്കിവരുന്നതെന്നും എന്തെല്ലാം നടപടികളാണ് പരിഗണനയിലുള്ളതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്തെ ഒ.ബി.സി. ലിസ്റ്റിൽ വടുക സമുദായത്തെ ക്രമ നമ്പർ 67 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) വടുക സമുദായത്തെ സംസ്ഥാനത്തെ മറ്റു പിന്നോക്ക വിഭാഗങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി ഉദ്യോഗ സംവരണം നൽകുന്നുണ്ട്. വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്കുള്ള ഒ. ബി. സി. ലിസ്റ്റിലും എസ്.ഇ.ബി.സി. ലിസ്റ്റിലും ഉൾപ്പെടുത്തി കുടുംബ വരുമാന പരിധിക്ക് വിധേയമായി വിദ്യാഭ്യാസാനുകൂല്യങ്ങളും നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly